'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5265/2021/ ധന — തീയതി,തിരുവനന്തപുരം,03/08/2021

---

പരാമർശം:- 1. സ.ഉ (കൈ) നം. 16/2021/ധന തീയതി 03/02/2021.

2. സ.ഉ (സാധാ) നം. 4139/2021/ധന തീയതി 24.05.2021

3. സ.ഉ (സാധാ) നം. 4697/2021/ധന തീയതി 28.06.2021

4. പഞ്ചായത്ത് ഡയറക്ടറുടെ 02.08.2021 ലെ പി.എ.എൻ/1312/2021/ഡിബിടി2(ഡി.പി) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഓണം പ്രമാണിച്ച് 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഒരുമിച്ച് വിതരണം ചെയ്യാമെന്നു സർക്കാർ തീരുമാനിച്ചിരുന്നു. ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2021 ജൂൺ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (3) പ്രകാരം അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിന് ആവശ്യമായ തുകയായ 1481,87,95,200/-രൂപ (ആയിരത്തി നാനൂറ്റി എൺപത്തി ഒന്ന് കോടി എൺപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി ഇരുനൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഒരുമിച്ച് വിതരണം ചെയ്യുന്നതിനായി 1481,87,95,200/-രൂപ (ആയിരത്തി നാനൂറ്റി എൺപത്തി ഒന്ന് കോടി എൺപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി ഇരുനൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷ പെൻഷനും വിതരണം

ചെയ്യുന്നതിനു ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ 48,52,098 ഗുണഭോക്താക്കൾക്ക് (ബാങ്ക് 24,85,193 + ഡി.റ്റി.എച്ച് 23,66,905 ) നൽകുന്നതിന് ആവശ്യമായ തുകയായ 1481,87,95,200/-രൂപയിൽ (ആയിരത്തി നാനൂറ്റി എൺപത്തി ഒന്ന് കോടി എൺപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി ഇരുന്നൂറ് രൂപ മാത്രം) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 756,94,27,600/- രൂപയിൽ (എഴുന്നൂറ്റി അൻപത്തി ആറ് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അറുന്നൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 5,30,52,108/- രൂപ കുറവുചെയ്ത് ബാക്കി തുകയായ 751,63,75,492/- രൂപ (എഴുന്നൂറ്റി അൻപത്തൊന്നു കോടി അറുപത്തി മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ 67234515304 (IFS Code : SBIN 0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ 724,93,67,600/- രൂപയിൽ ( എഴുന്നൂറ്റി ഇരുപത്തി നാല് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അറുപത്തി ഏഴായിരത്തി അറുന്നൂറു രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 11,36,700/- രൂപ കുറവുചെയ്ത് ബാക്കി തുകയായ 724,82,30,900/- രൂപ (എഴുന്നൂറ്റി ഇരുപത്തി നാല് കോടി എൺപത്തി രണ്ട് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരം രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 2021 ആഗസ്റ്റ് 31-നകം കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ

തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

4. കോവിഡ് പശ്ചാത്തലത്തിൽ എല്ലാ മുൻ കരുതലുകളും എടുത്താണ പെൻഷൻ വിതരണം നടത്തുന്നതെന്നു ബന്ധപ്പെട്ടവർ ഉറപ്പ വരുത്തേണ്ടതാണ്.

5. പെൻഷൻ വിതരണം 05/08/2021 മുതൽ തന്നെ ആരംഭിയ്ക്കേണ്ടതും 17/08/2021 നുള്ളിൽ പൂർത്തീരിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| 2021 ജൂലൈ മാസത്തെ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | | ഡയറക്റ്റ് ടു ഹോം (രൂപ) | | ആകെ (രൂപ) | |
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 141159 | 213906400 | 159271 | 240091600 | 300430 | 453998000 |
| | ഇന്ദിര ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 16146 | 25559600 | 19868 | 31369800 | 36014 | 56929400 |
| | ഇന്ദിര ഗാന്ധി ദേശീയ വിധവാ പെൻഷൻ | 65990 | 103746000 | 65056 | 102137600 | 131046 | 205883600 |
| | കർഷക തൊഴിലാളി പെൻഷൻ | 6466 | 10242600 | 17131 | 27021600 | 23597 | 37264200 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3764 | 5880400 | 5666 | 8848600 | 9430 | 14729000 |
| | ആകെ | 233525 | 359335000 | 266992 | 409469200 | 500517 | 768804200 |

അനുബന്ധം 1

| | | | | | | | |
|---|---|---|---|---|---|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 123138 | 186401800 | 55512 | 85081200 | 178650 | 271483000 |
| | ഇന്ദിര ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 16367 | 25877200 | 6562 | 10386200 | 22929 | 36263400 |
| | ഇന്ദിര ഗാന്ധി ദേശീയ വിധവാ പെൻഷൻ | 74015 | 114721000 | 21618 | 33895800 | 95633 | 148616800 |
| | കർഷക തൊഴിലാളി പെൻഷൻ | 2304 | 3638400 | 1491 | 2360600 | 3795 | 5999000 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 5077 | 7916200 | 2957 | 4620200 | 8034 | 12536400 |
| | ആകെ | 220901 | 338554600 | 88140 | 136344000 | 309041 | 4748986 |

അനുബന്ധം 1

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1117316 | 1657065600 | 1040919 | 1557012400 | 2158235 | 3214078000 |
| | ഇന്ദിര ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 161583 | 255901800 | 174786 | 276535600 | 336369 | 532437400 |
| | ഇന്ദിര ഗാന്ധി ദേശീയ വിധവാ പെൻഷൻ | 596071 | 930408600 | 510609 | 797709200 | 1106680 | 1728117800 |
| | കർഷക തൊഴിലാളി പെൻഷൻ | 127308 | 198997800 | 247089 | 387732400 | 374397 | 586730200 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 28489 | 44450400 | 38370 | 59881000 | 66859 | 104331400 |
| | ആകെ | 2030767 | 3086824200 | 2011773 | 3078870600 | 4042540 | 6165694800 |
| ആകെ മൊത്തം | | 2485193 | 3784713800 | 2366905 | 3624683800 | 4852098 | 7409397600 |

## അനുബന്ധം 2

| 2021 ആഗസ്റ്റ് മാസത്തെ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | | ഡയറക്റ്റ് ടു ഹോം (രൂപ) | | ആകെ (രൂപ) | |
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 141159 | 213906400 | 159271 | 240091600 | 300430 | 453998000 |
| | ഇന്ദിര ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 16146 | 25559600 | 19868 | 31369800 | 36014 | 56929400 |
| | ഇന്ദിര ഗാന്ധി ദേശീയ വിധവാ പെൻഷൻ | 65990 | 103746000 | 65056 | 102137600 | 131046 | 205883600 |
| | കർഷക തൊഴിലാളി പെൻഷൻ | 6466 | 10242600 | 17131 | 27021600 | 23597 | 37264200 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3764 | 5880400 | 5666 | 8848600 | 9430 | 14729000 |
| | ആകെ | 233525 | 359335000 | 266992 | 409469200 | 500517 | 768804200 |

## അനുബന്ധം 2

| | | | | | | | |
|---|---|---|---|---|---|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 123138 | 186401800 | 55512 | 85081200 | 178650 | 271483000 |
| | ഇന്ദിര ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 16367 | 25877200 | 6562 | 10386200 | 22929 | 36263400 |
| | ഇന്ദിര ഗാന്ധി ദേശീയ വിധവാ പെൻഷൻ | 74015 | 114721000 | 21618 | 33895800 | 95633 | 148616800 |
| | കർഷക തൊഴിലാളി പെൻഷൻ | 2304 | 3638400 | 1491 | 2360600 | 3795 | 5999000 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 5077 | 7916200 | 2957 | 4620200 | 8034 | 12536400 |
| | ആകെ | 220901 | 338554600 | 88140 | 136344000 | 309041 | 4748986 |

## അനുബന്ധം 2

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1117316 | 1657065600 | 1040919 | 1557012400 | 2158235 | 3214078000 |
| | ഇന്ദിര ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 161583 | 255901800 | 174786 | 276535600 | 336369 | 532437400 |
| | ഇന്ദിര ഗാന്ധി ദേശീയ വിധവാ പെൻഷൻ | 596071 | 930408600 | 510609 | 797709200 | 1106680 | 1728117800 |
| | കർഷക തൊഴിലാളി പെൻഷൻ | 127308 | 198997800 | 247089 | 387732400 | 374397 | 586730200 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 28489 | 44450400 | 38370 | 59881000 | 66859 | 104331400 |
| | ആകെ | 2030767 | 3086824200 | 2011773 | 3078870600 | 4042540 | 6165694800 |
| ആകെ മൊത്തം | | 2485193 | 3784713800 | 2366905 | 3624683800 | 4852098 | 7409397600 |
| **ജൂലൈ ,ആഗസ്റ്റ് മാസങ്ങളിലെ ആകെ** | | **2485193** | **7569427600** | **2366905** | **7249367600** | **4852098** | **14818795200** |